താൽക്കാലിക അദ്ധ്യാപകരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നടപടി

1005 [1617] ശ്രീ. പി. കരുണാകരൻ:
,, എ. പി. കുര്യൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് പ്രൈമറി സ്കൂളുകളിൽ ജോലിചെയ്യുന്നവരും ടി. ടി. സി., മലയാളം വിദ്വാൻ, ബി. എഡ്., പെഡഗോഗി എന്നീ നിശ്ചിത യോഗ്യതയുള്ളവരുമായ താൽക്കാലിക അദ്ധ്യാപകരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ ;

(ബി) ആം കേരള ഗവൺമെൻറ് പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സ് യൂണിയൻ ഇതു സംബന്ധിച്ച് ഗവൺമെൻറിനു വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിൻമേൽ എന്തു തീരുമാനമെടുത്തു?

ഉത്തരം

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയല്ലാതെ നിയമിച്ചവരെ സ്ഥിരപ്പെടുത്താൻ നിലവിലുള്ള നിയമങ്ങൾ അനുവദിക്കുന്നില്ല.

(ബി) ഉണ്ട്.

(സി) ആവശ്യം നിയമപ്രകാരം അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നിവേദനം പരിശോധിച്ചശേഷം തള്ളിക്കളഞ്ഞു.

ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ ഓഹരിമൂലധനം

1006 [1618] ശ്രീ. എം. കെ. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ അടച്ചു തീർത്ത ഓഹരിമൂലധനം 1978 ഡിസംബർവരെ എത്ര ;

(ബി) ഇതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ ഓഹരി മൂലധനമെത്ര ;

(സി) 1979 ജനുവരിയിൽ ഓഹരിമൂലധനമായി വല്ല സംഖ്യയും അനുവദിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ;

(ഇ) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഈ സ്ഥാപനം എത്ര സംഖ്യ കടം എടുത്തിട്ടുണ്ടെന്നു പറയുമോ;

(എഫ്) ഈ സ്ഥാപനത്തിന്റെ തിട്ടപ്പെടുത്തിയ ആസ്തി/ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,48,32,800 രൂപ.

LIBRARY ARCHIVES Kerala Legislative Assembly